# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.609 — 24/5/2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.ടി.തോമസ് | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |

### പതിനാലാം കേന്ദ്ര ധനകമ്മീഷന്റെ ശിപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം കേന്ദ്ര ധനകമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്; | പതിനാലാം ധനകാര്യകമ്മീഷൻ ശുപാർശപ്രകാരം മാറ്റി വയ്ക്കപ്പെട്ട (ഡിവിസിബിൾ പൂൾ) നികുതിവരുമാനം 42%-മായി വർദ്ധിപ്പിക്കുകയുണ്ടായി. പ്രാഥമിക വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം,റോഡുകളുടേയും പാലങ്ങളുടേയും അറ്റകുറ്റപ്പണികൾ, സംസ്ഥാനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കുള്ള സഹായം എന്നിങ്ങനെ പതിമൂന്നാം ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തിരുന്ന പദ്ധതികൾ ഒന്നും തന്നെ പതിനാലാം ധനകാര്യകമ്മീഷൻ പരിഗണിച്ചില്ല. വർദ്ധിപ്പിച്ച നികുതിവരുമാനത്തിൽ നിന്നും മേൽ വിവരിച്ച പദ്ധതികൾക്കുള്ള ധനം കണ്ടെത്തുവാനാണ് പതിനാലാം ധനകാര്യകമ്മീഷൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽ നിന്നും 28 ആയി കുറച്ചു കാരണം മുൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ തുടരാനാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികളെ 50:50 അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പാക്കാവുന്നതാണ്. കൂടാതെ |

Seena
സെക്ഷൻ ഓഫീസർ

| | |
|---|---|
| | 60 ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. |
| (ബി)<br>കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന വിഹിതം പുതുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | പുതുക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 2016-17 മുതൽ 66-ൽ നിന്നും 28 ആയി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്നും 20 എണ്ണം കോർ എന്ന വിഭാഗത്തിലും 2 എണ്ണം ഓപ്ഷണൽ വിഭാഗത്തിലുമാണ്. പുതിയ സംവിധാനമനുസരിച്ച് ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും മാറ്റുകയും മറ്റു ചില പദ്ധതികളുമായി ലയിപ്പിക്കുകയും ചെയ്യുകയുണ്ടായി. കോർ ഓഫ് ദി കോർ പദ്ധതിയിൽ മാത്രമാണ് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി ഇപ്പോൾ നിലനിൽക്കുന്നത്. കോർ എന്ന വിഭാഗത്തിൽ 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. ഓപ്ഷണൽ വിഭാഗത്തിൽപ്പെടുന്ന പദ്ധതിയിൽ വിഹിതം 50:50 നിരക്കിലാണ്. |
| (സി)<br>ഇതുമൂലം സംസ്ഥാന സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഉണ്ടായ അധിക ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | 60 ശതമാനത്തിന് മുകളിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. ഗ്രാമവികസനവകുപ്പ് വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിന്മേലുള്ള അധിക ബാധ്യത 166.57 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്. വിശദാംശം **അനുബന്ധം** ആയി ചേർത്തിരിക്കുന്നു. നഗരസഭകളിൽ നടപ്പിലാക്കുന്ന അമൃത്, എൻ.യു.എൽ.എം, പി.എം.എ.വൈ തുടങ്ങിയ പദ്ധതികൾ വെല്ലുവിളികൾ നേരിടുന്നുണ്ട്. |

Seena

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| പദ്ധതി | കേന്ദ്ര വിഹിതം രൂപ (ലക്ഷം) | മുൻ അനുപാത പ്രകാരമുള്ള സംസ്ഥാന വിഹിതം രൂപ (ലക്ഷം) | ഇപ്പോഴത്തെ അനുപാതം അനുസരിച്ചുള്ള തുക രൂപ (ലക്ഷം) | അധിക ബാദ്ധ്യത രൂപ (ലക്ഷം) |
|---|---|---|---|---|
| ഐ.എ.വൈ/പി.എം.എ.വൈ (ജി) | 9113.40 | 3797.25 | 6075.60 | 2278.35 |
| പി.എം.ജി.എസ്.വൈ | 17944.60 | 0 | 10592.47 | 10592.47 |
| സ്വച്ഛ് ഭാരത് മിഷൻ-ഗ്രാമീൺ (എസ്.ബി.എം) | 9825.35 | 4093.90 | 6550.25 | 2456.35 |
| പി.എം.കെ.എസ്.വൈ | 1716.00 | 315.73 | 1441.34 | 1125.61 |
| ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ | 530.04 | 244.74 | 448.91 | 204.17 |
| ആകെ | 39129.39 | 8451.62 | 25108.57 | 16656.95 |

Seena
സെക്ഷൻ ഓഫീസർ